കേരളകാർഷിക സർവ്വകലാശാല

കശുമാവ് ഗവേഷണകേന്ദ്രം മാടക്കത്തറ

സി.ആർ.എം – 449/2016 തിയ്യതി – 17/07/2018

**<u>ക്വട്ടേഷൻ നോട്ടീസ്</u>**

മാടക്കത്തറ കശുമാവ് ഗവേഷണകേന്ദ്രത്തിൽ നഴ്സറി/ഫാം ആവശ്യത്തിലേക്കായി ഒരു വർഷത്തേക്കായ് ചകിരിചോറ് നൽകുന്നതിന് താൽപര്യമുള്ള വ്യക്തികളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

**<u>നിബന്ധനകൾ</u>**

വണ്ടി വാടകയും, കയറ്റിറക്കു കൂലിയും മറ്റെല്ലാ ചെലവുകളും, ഉൾപ്പെടെ ഈ ഫാമിൽ ഒരു ലോഡ് ചകിരിചോറ് എത്തിക്കുന്നതിനുള്ള നിരക്കാണ് രേഖപ്പെടുത്തേണ്ടത്.

ആദ്യ തവണ കൊണ്ടുവരുമ്പോൾ വേയ് ബ്രിഡ്ജിൽ തൂക്കമെടുത്ത് വാഹനത്തിന്റെ ബോഡി ലെവലിലുള്ള അളവ് ഫാം ഓഫീസിൽ ബോദ്ധ്യപ്പെടുത്തേണ്ടതും അതേ വാഹനത്തിൽ പിന്നീട് സപ്ലൈ ചെയ്യുമ്പോൾ ലെവൽ ഓഫീസിൽ കാണിച്ച് അംഗീകാരം നേടേണ്ടതുമാണ്.വാഹനം മാറി സപ്ലൈ ചെയ്താൽ മേൽ രീതി വീണ്ടും സ്വീകരിക്കണം.

ക്വട്ടേഷനുകൾ 27/07/2018 രാവിലെ 12.00 മണിക്ക് മുൻപായി ഗവേഷണകേന്ദ്രം മേധാവി മുൻപാകെ സമർപ്പിക്കേണ്ടതാണ്.

ഓർഡർ നൽകുന്നതിനനുസരിച്ച് കൃത്യമായ സമയത്ത് കൃത്യമായ അളവിൽ ഗുണമേൻമയുള്ള ചകിരിചോറ് നൽകേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ നിശ്ചിത സമയത്തിനും സ്ഥലത്തും ഹാജരായി നിരതദ്രവ്യമായി 200/–രൂപ (ഇരുന്നൂറ് രൂപ) രാവിലെ 11.30 മണിയ്ക്ക് മുൻപായി അടക്കേണ്ടതാണ്.സർക്കാർ ക്വട്ടേഷനുള്ള എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്.ലേലം ലഭിച്ചവർ 30/07/2018 തിയ്യതിയിൽ ഉച്ചക്ക് 3.00 മണിക്ക് മുൻപായി 500/– രൂപ സെക്യൂരിറ്റി നിക്ഷേപമായി ഓഫീസിൽ അടയ്ക്കേണ്ടതാണ്. ക്വട്ടേഷൻ വ്യവസ്ഥകൾ അനുസരിച്ച് ചകിരി ചോറ് സപ്ളൈ ചെയ്തുകൊള്ളാമെന്ന് ഒരു സമ്മതപത്രം 150 രൂപയുടെ മുദ്രപത്രത്തിൽ എഴുതി സമർപ്പിക്കേണ്ടതാണ്.

ക്വട്ടേഷനുകൾ പ്രത്യേക കാരണം കൂടാതെ നിരസിക്കുവാനുള്ള അധികാരം ഗവേഷണകേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്.

ഒപ്പ്/
ഗവേഷണകേന്ദ്രം മേധാവി

പകർപ്പ്

1. നോട്ടീസ് ബോർഡ്